(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ധനകമ്മിയും റവന്യൂകമ്മിയും കുറയ്ക്കാനുള്ള നടപടി

*2 [33] ശ്രീ. എ. കെ. ബാലൻ:

" മത്തായി ചാക്കോ:

" എം. വി. ജയരാജൻ:

" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനക്കമ്മിയും റവന്യൂകമ്മിയും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു കുറച്ചുകൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശകളനുസരിച്ച് കേന്ദ്ര എക്സ്ചേഞ്ച് പ്രകാരം സംസ്ഥാനത്തിന്റെ ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ നടപടി അനുസരിച്ച് 2004-05-ൽ റവന്യൂകമ്മി ജി.എസ്.ഡി.പി.-യുടെ എത്ര ശതമാനമായി നിജപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കേന്ദ്രവുമായി ഒപ്പുവച്ച ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിനകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്;

(ഇ) ടാക്സ്-ജി.എസ്.ഡി.പി. അനുപാതവും നോൺ ടാക്സ്-ജി.എസ്.ഡി.പി. അനുപാതവും മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): (എ) ഉണ്ട്.

(ബി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(സി) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ചുള്ള ഇടക്കാല സാമ്പത്തിക പരിഷ്ക്കരണത്തിലൂടെ 2004-05 സാമ്പത്തിക വർഷത്തോടുകൂടി റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഡിസംബർ 2003-ൽ നിയമസഭ പാസ്സാക്കിയ കേരള ഫിസിക്കൽ റെസ്പോൺസിബിലിറ്റി ആക്റ്റിൽ റവന്യൂകമ്മി 2007 മാർച്ചോടെ പൂർണ്ണമായും ഇല്ലാതാക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിലെ പ്രത്യേക സാമ്പത്തിക സാഹചര്യങ്ങളാൽ ഈ കൊല്ലത്തെ ബജറ്റിൽ റവന്യൂകമ്മി ജി.എസ്.ഡി.പി-യുടെ 4.69 ശതമാനം ആണെന്ന് കണക്കാക്കിയിരിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(ഇ) (1) നികുതി പരിഷ്കരണങ്ങൾ

2003-04-ലെ ബഡ്ജറ്റ് സെഷനിൽ മൂല്യവർദ്ധിത നികുതി ബിൽ കേരള നിയമസഭ പാസ്സാക്കി.

പൊതുധാരണയനുസരിച്ച് മൂല്യവർദ്ധിത നികുതി 1-4-2005 മുതൽ നടപ്പിലാക്കും. ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു.

(2) നികുതിയേതര വരുമാനം

ഗവൺമെന്റ് സേവനങ്ങളുടെ ഉപഭോഗ ചാർജ്ജ് വർദ്ധിപ്പിച്ച് പുതിയ മേഖലകളിൽ ഇത് വ്യാപരിപ്പിച്ചുകൊണ്ട് ചെലവ് മെച്ചപ്പെട്ട രീതിയിൽ വസൂലാക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടി തുടർന്നു കൊണ്ടിരിക്കുന്നു.

വകുപ്പുതലത്തിലുള്ള ഉപഭോഗ ചാർജ്ജ് കാലാകാലങ്ങളിൽ ഉയർന്ന തോതിൽ വർദ്ധിപ്പിക്കുന്നതിനും നടപടി എടുത്തുകഴിഞ്ഞു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുൻപ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 31-12-2001 മുതൽ നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

പുതിയ നികുതികൾ

*4 [34] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

" എം. എ. ചന്ദ്രശേഖരൻ:

" കെ. മുഹമ്മദാലി:

" എം. കെ. പോൾസൺ മാസ്റ്റർ:

" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായ ഏതെല്ലാം മേഖലയിൽ നികുതി ചുമത്താൻ കഴിയുമെന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ നിലവിലുള്ള നികുതിക്ക് മാറ്റം വരുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(സി) വിവാഹങ്ങളോടനുബന്ധിച്ചു കാണുന്ന ആഡംബരങ്ങൾക്ക് നികുതി ചുമത്താനുദ്ദേശമുണ്ടോ;

(ഡി) ഇക്കാര്യത്തിൽ പൊതുജനാഭിപ്രായം ആരായുന്നതിന് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly